**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 630** **28-01-2026 - ൽ മറുപടിയ്ക്ക്**

**കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഏറ്റെടുക്കുന്നതിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തറ ടെക്സ്റ്റൈൽസിന്റെ നിയമപരമായ ലിക്വിഡേഷൻ നടപടികൾ ബഹു.ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ ബാധ്യത തീർക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കുന്നത്തറ ടെക്സ്റ്റൈൽസിന്റെ നിയമപരമായ ലിക്വിഡേഷൻ നടപടികൾ ബഹു.ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. |
| (സി) | സ്റ്റേറ്റ് ഹൈവേയോട് ചേർന്നുള്ള കുന്നത്തറ ടെക്സ്റ്റൈലിന്റെ ഭൂമി ചുരുങ്ങിയ വിലയ്ക്ക് വിറ്റ് പോകാൻ കോടതി നടപടി സ്വീകരിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **അടച്ചുപൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്ഥലത്തിന്റെയും യന്ത്രസാമഗ്രികളുടെയും വില 12.80 കോടി രൂപയാണെന്ന് 24.11.2017 ലെ കത്ത് പ്രകാരം സർക്കാർ ഒഫീഷ്യൽ ലിക്വിഡേറ്ററെ അറിയിച്ചിരുന്നു. എന്നാൽ ഒഫീഷ്യൽ ലിക്വിഡേറ്റർ നം.147/24ആയി സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം Annexure A ആയി നൽകിയ e-auction നോട്ടീസ് പ്രകാരം സ്ഥാപനത്തിന്റെ 4.7179 ഹെക്ടർ (11 ഏക്കർ 65 സെന്റ്) സ്ഥലത്തിനും കെട്ടിടത്തിനുമുള്ള upset price നിശ്ചയിച്ചിട്ടുള്ളത് 4,08,27,700/- (നാല് കോടി എട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്) രൂപയും Plant & Machinery യുടെ upset Price 16,76,000/- (പതിനാറ് ലക്ഷത്തി എഴുപത്തി ആറായിരം) രൂപയുമാണെന്ന് അറിയിച്ച സാഹചര്യത്തിൽ ഒഫിഷ്യൽ ലിക്വിഡേറ്റർ നിശ്ചയിച്ച upset price കുറവായതിനാൽ** സർക്കാരിനുള്ള എതിർപ്പ് അഡ്വക്കേറ്റ് ജനറൽ മുഖേന ബഹു. കോടതിയെ അറിയിക്കുന്നതിന് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പുതിയ വ്യവസായ സംരംഭകർക്ക് ഏറ്റവും അനുയോജ്യമായ പ്രസ്തുത ഭൂമി | (ഡി) | പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | കെ.എസ്.ഐ.ഡി.സി.-യ്ക്ക് ഏറ്റെടുക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ